No. 44719/ C2/12/TSM

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 896

13.06.2012-ൽ മറുപടിയ്ക്ക്

ടൂറിസം വികസന പദ്ധതികൾ

ചോദ്യം
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

എ) ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ടൂറിസം രംഗത്ത് എത്രമാത്രം വളർച്ച കൈവരിച്ചുവെന്നും എത്ര കോടി രൂപയുടെ വിദേശ നാണ്യം നേടി എന്നും വ്യക്തമാക്കുമോ;

എ) ടൂറിസം മേഖലയുടെ അനന്തമായ സാധ്യതകളും അവയുടെ വളർച്ചയും ത്വരിതപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.
അടിസ്ഥാന സൗകര്യവികസനം, പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിക്കൽ എന്നിവ കൂടാതെ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ ദേശീയ- അന്തർദേശീയ ടൂറിസം മാർക്കറ്റു കളിൽ വിപണനം ചെയ്ത് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനും മാനവശേഷി വികസനം, തദ്ദേശീയർക്ക് ടൂറിസം ഗുണഫലങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്ത ടൂറിസം തുടങ്ങിയവയിലൂടെ കേരള ടൂറിസത്തെ വികസിപ്പിക്കുന്നതിനുള്ള നടപടികളും വകുപ്പ് കൈക്കൊള്ളുന്നുണ്ട്. ഓരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളെയും അവിടത്തെ ടൂറിസം സാധ്യതകളെയും കുറിച്ച് സർവ്വേകളും പഠനങ്ങളും നടത്തിയും നിലവിലുള്ള കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളിൽ നിന്നും കിട്ടുന്ന ഫീഡ് ബാക്ക് സർവ്വേകളിൽ നിന്നുമാണ് വികസന നടപടികൾക്ക് രൂപം നൽകുന്നത്.
മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി , ഫോർട്ട് കൊച്ചിയുടെ വികസനം ,ആലപ്പുഴയിലെ പൈതൃക പദ്ധതികൾ എന്നിവയും നിളയുടെ പൈതൃക സമ്പത്ത് പരിരക്ഷിക്കുന്നതിനുള്ള പുതിയ പദ്ധതിയുടെ നടപടി ക്രമങ്ങളും, എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമ പദ്ധതിയും ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. കുടുംബശ്രീയുമായി സഹകരിച്ച് കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയ്ൻ . ലൈഫ് ഗാർഡ് സർവ്വീസ്, ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന ടൂറിസം പോലീസിന്റെ സേവനം, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ എന്നിവയ്ക്ക് പുറമേ ടൂറിസം മേഖലയിൽ മാനവശേഷി വികസനത്തിനായി കിറ്റ്സ്, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. സേവന നിലവാരം, ശുചിത്വം, തീർത്ഥാടന- പൈതൃക- സാംസ്കാരിക -ടൂറിസം വികസനം, പരിസ്ഥിതി സംരക്ഷണം, സുരക്ഷിതത്വം, അടിസ്ഥാന സൗകര്യ വികസനം,

ടൂറിസം മാനവശേഷി വികസനം, നിക്ഷേപ സൗഹാർദ്ദം, ടൂറിസം പദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണം, ശാസ്ത്രീയ വിപണന തന്ത്രങ്ങൾ, ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കൽ തുടങ്ങി ടൂറിസം മേഖ ലയുടെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തു ന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഉൾ പ്പെടുത്തികൊണ്ട് സർക്കാരിന്റെ ടൂറിസം നയം പ്രഖ്യാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുക, വിദേശ നഗരങ്ങ ളിൽ റോഡ് ഷോകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക, അന്താരാഷ്ട്ര തലങ്ങളിൽ പ്രചാരമുള്ള മാധ്യമങ്ങളിലും, ഇൻഫ് ലൈറ്റ് മാഗസിനുകളിലും വിവിധ അന്താരാഷ്ട്ര ടി.വി.ചാനലുകളിലും പരസ്യ പ്രചരണം നടത്തുക ഇൻഫർമേഷൻ ടെക്നോളജിയുടെ ശക്തി മുഴുവനായി ഉപ യോഗിക്കുന്നതിനുതകുന്ന വിസ്തൃത വെബ്സൈറ്റും ഇന്റർനെറ്റ് പരസ്യ പ്രചരണ വും നടത്തുക, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർ ഷിക്കുന്നതിനായി ദേശീയ തലത്തിൽ സംഘടി പ്പിക്കപ്പെടുന്ന ട്രാവൽ ഫെയറുകളിൽ പങ്കെ ടുക്കുക, ബിസിനസ് മീറ്റുകൾ സംഘടിപ്പി ക്കുക തുടങ്ങി നിരവധി നൂതന മാർക്കറ്റിംഗ് രീതികൾ ടൂറിസം വകുപ്പ് കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കൈക്കൊ ള്ളുന്നുണ്ട്. തനതുകലകളെ പ്രോത്സാഹിപ്പി ക്കുന്നതിനുള്ള ഉത്സവം, ഓണാഘോഷം , നിശാഗന്ധി ഫെസ്റ്റിവൽ തുടങ്ങി നിരവധി പരിപാടികളും വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഷോപ്പിംഗ് ഫെസ്റ്റിവൽ ശക്തിപ്പെടുത്തി കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വകുപ്പ് ശ്രമിച്ചുവരുന്നു.

2011-വർഷത്തിൽ ടൂറിസം വകുപ്പ് 4331.99 കോടി രൂപയുടെ വിദേശനാണ്യം നേടിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്ന തിന് പുതുതായി എന്തെല്ലാം പദ്ധ തികളാണ് ആവിഷ്കരിക്കാനുദ്ദേശി ക്കുന്നതെന്ന് വെളിപ്പെടുത്തു മോ? | ബി) | ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെ കേരളത്തി ലേയ്ക്ക് ആകർഷിക്കുന്നതിനായി ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നീണ്ടുനിൽക്കുന്ന ഡ്രീം സീസൺ ക്യാമ്പയിൻ ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഡ്രീം സീസൺ ക്യാമ്പയി നിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയി ട്ടുണ്ട്. |

1. T.V Campaign
2. Radio Campaign
3. O.O.H.Translates
4. Print media
5. Digital Marketing
6. Virtual Video Wall

[signature]

സെക്ഷൻ ഓഫീസർ